# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 5169 30.06.2014-ൽ മറുപടിയ്ക്ക്

<u>കുടുംബശ്രീ വഴി വൃക്ഷത്തൈ വിതരണം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.റ്റി.എ.റഹീം | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) സോഷ്യൽ ഫോറസ്ട്രി വഴി വിതരണം ചെയ്യുന്ന വൃക്ഷങ്ങളുടെ തരവും ഗുണവും ഉപയോഗവും വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | എ) കേരള ഫോറസ്റ്റ് റിസർവ്വ് വിഭാഗത്തിന്റെ 'സീഡ് സെന്റർ' ലഭ്യമായിട്ടുള്ള വിത്തുകൾ ശേഖരിക്കുകയും, അവിടെ ലഭ്യമല്ലാത്ത വിത്തുകൾ പുറത്തുനിന്ന് ശേഖരിക്കുകയുമാണ് ചെയ്തുവരുന്നത്. അപ്രകാരം ഉൽപ്പാദിപ്പിക്കുന്ന തൈകളിൽ നിന്നും മദർ ബഡ്ഡിൽവച്ചുതന്നെ അതിജീവന സാധ്യതയുള്ള മികച്ച തൈകൾ മാത്രം തെരഞ്ഞെടുത്ത് കൂടകളിൽ നട്ടുവളർത്തി ഉൽപ്പാദിപ്പിക്കുന്ന തൈകളാണ് സാമൂഹ്യവനവൽക്കരണ വിഭാഗം വഴി വിതരണം ചെയ്തുവരുന്നത്. കൂടാതെ നല്ല മണ്ണും നീർവാർച്ചയും, ജലസേചന സൗകര്യമുള്ളതുമായ സ്ഥലങ്ങളാണ് നഴ്സറിക്കായി ഉപയോഗിച്ചു വരുന്നത്. വൃക്ഷത്തൈ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് വിത്തിന്റെ സ്രോതസ്സ്, നേഴ്സറിയിൽ നടക്കുന്ന വിവിധ പ്രവൃത്തികൾ, വിത്തിട്ട തീയതി, മുളച്ച തീയതി, കൂടകളിലേക്ക് മാറ്റിവച്ച തീയതി, ഓരോ കാലയളവിലെയും നേഴ്സറിയിലെ അവസ്ഥ എന്നിവ വിശദമാക്കുന്ന നേഴ്സറി ജേർണൽ എഴുതി സൂക്ഷിക്കുന്നുണ്ട്. ഇതുകൂടാതെ ഓരോ വർഷവും വിതരണം ചെയ്ത തൈകളുടെയും മറ്റും വിവരങ്ങൾ വിതരണ രജിസ്റ്ററിലും രേഖപ്പെടുത്തിവരുന്നുണ്ട്. ഓരോ കാലയളവിലും ഇവയെല്ലാം വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥന്മാർ<br><br>പരിശോധന നടത്തി വരുന്നുണ്ട്. വനം വകുപ്പ് നേരിട്ട് വൃക്ഷത്തൈകൾ നടുന്ന സ്ഥലങ്ങളിൽ തൈകളുടെ തരവും, ഗുണവും പ്രദേശത്തിനും അതിജീവനത്തിനും യോജിച്ചതാണെന്ന് ഉറപ്പുവരുത്തിയശേഷമാണ് നടുന്നത്. വ്യക്തികൾക്ക് തൈകൾ വിതരണം ചെയ്യുമ്പോൾ അവർ ആവശ്യപ്പെടുന്ന ഇനത്തിലുള്ള തൈകളാണ് നൽകി |

| | |
|---|---|
| | വരുന്നത്. അപ്രകാരമുള്ള തൈകളുടെ അതിജീവനം, കാലക്രമത്തിൽ പരിശോധനാവിധേയമാക്കുന്നുമുണ്ട്. |
| ബി) മാവ്, പ്ലാവ് തുടങ്ങിയ വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിന് കുടുംബശ്രീയുടെയും ജില്ലാ പഞ്ചായത്തുകളുടെയും കൈവശമുള്ള ഫാമുകളുടെയും, സോഷ്യൽ ഫോറസ്ട്രിയുടെയും കൂട്ടായ്മ രൂപപ്പെടുത്താൻ മുൻകൈയെടുക്കുമോ ? | ബി) ബന്ധപ്പെട്ട ഏജൻസികൾ മുന്നോട്ടുവരുന്നപക്ഷം പൈലറ്റ് അടിസ്ഥാനത്തിൽ ടി കൂട്ടായ്മ രൂപപ്പെടുത്തുവാൻ നടപടിയെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ